**ബിടി പരുത്തി കൃഷിചെയ്തതുകൊണ്ട് അഭിവൃദ്ധിപ്പെട്ടു എന്ന് മൊൺസാന്റോയും ടൈംസ് ഓഫ് ഇന്ത്യയും അവകാശപ്പെടുന്ന ഗ്രാമങ്ങളിലൂടെ സന്ദർശിച്ച് യാഥാർത്ഥ്യത്തിന്റെ മറുചിത്രം പുറത്തുകൊണ്ടുവരികയും കോർപ്പറേറ്റ് – മാധ്യമ ഗൂഢാലോചനകളുടെ കുതന്ത്രങ്ങൾ തുറന്നുകാട്ടുകയും ചെയ്യുന്നു**

**പി. സായിനാഥ്**

# സ്വർണ്ണക്കൊയ്ത്ത്: പരുത്തിയിലൂടെ, പത്രകടലാസിലൂടെ...

**മൂന്നര** വർഷം മുമ്പ്, ജനിതക മാറ്റം നടത്തിയ വിളകൾക്കെതിരെ ഇന്ത്യയിലാകെ വിവാദം നീറിപ്പടരുമ്പോൾ ആ സാങ്കേതിക വിദ്യയുടെ വിജയത്തെ വർണ്ണാഭമാക്കുന്ന ഹൃദ്യമായ ചിത്രം ഒരു പത്രവാർത്ത വരച്ചുകാട്ടുകയുണ്ടായി. "ജനങ്ങൾ കാർഷിക വൃത്തിയിൽ അഭിവൃദ്ധിപ്പെടുകയാണ്; ഒരാളും ഇവിടെ ആത്മഹത്യ ചെയ്യുന്നില്ല. കഴിഞ്ഞ മൂന്നു നാലു വർഷങ്ങൾക്കിടയിൽ പരമ്പരാഗത പരുത്തിയിൽ നിന്നും ബിടി പരുത്തിയിലേക്കുള്ള മാറ്റം ഭാംബ്രാജ, അന്തർഗാവോൺ എന്നീ ഗ്രാമങ്ങളെ സാമൂഹ്യ, സാമ്പത്തിക രംഗങ്ങളിലെ സർവ്വതോന്മുഖമായ അഭിവൃദ്ധിയിലേക്കാണ് പിടിച്ചുയർത്തിയിരിക്കുന്നത്." (ടൈംസ് ഓഫ് ഇന്ത്യ, ഒക്ടോബർ 31, 2008)

ഈ വിവരണം അതീവ ഹൃദ്യമാകയാൽ, ഒരു വാക്കുപോലും മാറാതെ അതേ ദിനപത്രത്തിൽ ഒമ്പതുമാസം മുമ്പ് വീണ്ടും പ്രത്യക്ഷപ്പെടുകയുണ്ടായി. (ടൈംസ് ഓഫ് ഇന്ത്യ. ആഗസ്റ്റ് 28, 2011). ഗ്രാമീണർക്ക് പറയാനുള്ള വ്യത്യസ്ഥമായ വസ്തുതകളെ അവഗണിക്കാവുന്നതാണ്!

"ഞങ്ങളുടെ ഈ ഗ്രാമത്തിൽ പതിനാലോളം ആത്മഹത്യകൾ നടന്നിട്ടുണ്ട്, മിക്കതും ബിടി ഇവിടെ വന്നതിനുശേഷം." ഭാംബ്രാജയിലെ രോഷാകുലരായ ഒരു സംഘം കർഷകർ, കഴിഞ്ഞ മാർച്ചിൽ പാർലമെന്റിന്റെ കാർഷികകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളോട് പറഞ്ഞതാണിത്. 2003നും 2009നും ഇടയിലുണ്ടായിട്ടുള്ള ഒൻപത് ആത്മഹത്യകൾ പരിശോധിക്കാൻ ഹിന്ദുവിനു കഴിഞ്ഞു. അതിനുശേഷം അഞ്ചെണ്ണം കൂടെ ഉണ്ടായിട്ടുണ്ടെന്ന് സാമൂഹ്യപ്രവർത്തകർ പറയുന്നു. കർഷകർ ബിടിയിലേക്ക് മാറിയെന്നും കൃഷി അഭിവൃദ്ധിപ്പെട്ടുവെന്നും ടൈംസ് ഓഫ് ഇന്ത്യ പറയുന്ന 2002ന് ശേഷമാണ് ഇവയെല്ലാം. പ്രത്യക്ഷത്തിൽത്തന്നെ ആശങ്കാകുലനായി കാണപ്പെട്ട എം.പിയോട് ഗ്രാമീണർ പറഞ്ഞു. "സർ ഒരുപാട് ഭൂമി തരിശായികിട

പരിഭാഷ: അജിതൻ



Reaping GOLD through Bt Cotton

SCRIPTING SUCCESS STORIES

Raut family

BHAMBRAJA: Village on the 'move'

Chavan families (of Banjara community)

ANTARGAON: United in crisis

Bhayband family

ബിടി പരുത്തിയെക്കുറിച്ച് 2011 ആഗസ്റ്റ് 28 ന് ടൈംസ് ഓഫ് ഇന്ത്യയിൽ വന്ന 'മാർക്കറ്റിംഗ് ഫീച്ചർ'

ക്കുന്നു. പലർക്കും കൃഷിയിൽ വിശ്വാസം നഷ്ടപ്പെട്ടു. പലരും നഷ്ടം അല്പമെങ്കിലും കുറവുള്ള സോയാബീൻ കൃഷിയിലേക്ക് തിരിഞ്ഞു.''

മഹികോ – മൊൺസാന്റോ ബയോടെക്കിന്റെ ബിടി പരുത്തി ഉയർത്തിക്കാണിക്കുന്ന ഈ മാതൃകാ കാർഷികഗ്രാമത്തിൽനിന്നും ഭൂഉടമകളുൾപ്പെടെ നൂറിലധികം പേർ സ്വദേശം വിട്ടുപോയിരിക്കുന്നു. ''ഒരുപാടു പേർ ഇനിയും പോകും. കാരണം കൃഷി നശിച്ചുകൊണ്ടിരിക്കുകയാണ്.'' കഴിഞ്ഞ സെപ്റ്റംബറിൽ ഞങ്ങളുടെ ആദ്യസന്ദർശനത്തിനിടെ ഭാംബ്രാജയിലെ സുരേഷ് രാംദാസ് ബോന്ദ്രെ പറഞ്ഞു.

2011 ആഗസ്റ്റിൽ ബയോടെക്ക് റെഗുലേറ്ററി അതോറിററി ഓഫ് ഇന്ത്യാ (BRAI) ബിൽ പാർലമെന്റിൽ അവതരിപ്പിക്കാൻ സർക്കാർ പരാജയപ്പെട്ടതിനു തൊട്ടുപിന്നാലെയാണ് മൊൺസാന്റോയുടെ ബിടി പരുത്തിയെ കുറിച്ചുള്ള 2008ലെ മുഴുപ്പേജ് സ്തുതിഗീതം ടൈംസ് ഓഫ് ഇന്ത്യയിൽ പുനർജനിക്കുന്നത്. ബിൽ സഭയുടെ മേശപ്പുത്തുവരെ വന്നിട്ടും സംഭവിച്ച പരാജയം – കാർഷികജൈവസാങ്കേതിക വ്യവസായത്തിലെ ഭാവിലാഭങ്ങളെ സംബന്ധിച്ച് നിർണ്ണായകം – ഉടനെതന്നെ അതിനെ തിരിച്ചുകൊണ്ടു വരുന്നതിനുള്ള ധൃതിപിടിച്ച ലോബിയിങ്ങിനു വഴിയൊരുക്കി. അടുത്ത ദിവസം മുതൽ തന്നെ മഹികൊ – മൊൺസാന്റോയുടെ ഭീമൻ പരസ്യങ്ങൾ ടൈംസിലും (മറ്റുചില പത്രങ്ങളിലും) മറ്റും പ്രത്യക്ഷപ്പെടുന്നതാണ് തുടർന്നു കണ്ടത്. ആഗസ്റ്റ് 28ലെ ആ മുഴുപ്പേജ് വാർത്തയുടെ തലക്കെട്ട് 'ബിടി കോട്ടണിലൂടെ സ്വർണ്ണക്കൊയ്ത്ത്' എന്നാണ്. കമ്പനിപ്പരസ്യങ്ങൾ വന്നത് ആഗസ്ററ് 29, 30, 31 സെപ്റ്റംബർ 1 എന്നീ ദിവസങ്ങളിലായിരുന്നു. കാര്യപരിപാടിയിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും മൺസൂൺ സമ്മേളനത്തിലോ ശീതകാല സമ്മേളനത്തിലോ ബിൽ അവതരിപ്പിക്കപ്പെടുകയുണ്ടായില്ല, പാർലമെന്റ് മറ്റ് അടിയന്തിരവിഷയങ്ങളിൽ വ്യാപൃതമായിരുന്നു. ബിടി പരുത്തി വഴിയല്ലെങ്കിലും പത്രം മുഖേന ആരോ സ്വർണ്ണം കൊയ്തിട്ടുണ്ടാകണം.

പാർലമെന്ററി കാർഷിക സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ഈ പരസ്യപ്രക്ഷാളനം അത്ര രസിച്ചില്ല. ജനിതക മാറ്റം വരുത്തിയ ഭക്ഷ്യവസ്തുക്കൾ അനുവദിക്കുന്നതിനെകുറിച്ചുള്ള കമ്മിറ്റിയുടെ ചർച്ചാസമയത്തുതന്നെയാണ് പരസ്യം വന്നത് എന്നും ശ്രദ്ധിക്കുക. വർദ്ധിച്ചുവരുന്ന കർഷക ആത്മഹത്യയെ കുറിച്ചും വിദർഭയിലെ രൂക്ഷമായ ദുരിതത്തെക്കുറിച്ചും വന്നുകൊണ്ടിരുന്ന വാർത്തകളിൽ ആശങ്കപ്പെട്ടുകൊണ്ട്, വിവിധ രാഷ്ട്രീയകക്ഷികളിൽപ്പെട്ട കമ്മിറ്റി അംഗങ്ങൾ ഒടുവിൽ ആ മേഖലകൾ സന്ദർശിക്കാൻ തന്നെ തീരുമാനിച്ചു.

മുതിർന്ന പാർലമെന്റേറിയൻ ബാസുദേവ് ആചാര്യയുടെ നേതൃത്വത്തിലുള്ള സമിതിയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്ന് നിശ്ചയമായും, ഭാംബ്രാജ എന്ന ഗ്രാമമായിരുന്നു. മഹികോ–മോൺസാന്റോ മാതൃകയുടെ വിജയത്തിന്റെ ഉദാത്ത കേന്ദ്രം. മാറിഗോൺ – സോനെബുർധി ആയിരുന്നു മറ്റൊരു സ്ഥലം. പക്ഷേ എം.പിമാർക്ക് ഒരു സുവർണ്ണതയും രണ്ടിടത്തും കാണാനായില്ല. സർക്കാർ പരാജയങ്ങൾക്കു പുറമേ, മൊൺസാന്റോ മാതൃകയുടെ അധോഗതി വെളിവാക്കുന്ന ദുരിതമയ ദൃശ്യങ്ങളായിരുന്നു എങ്ങും.

ഈ വർഷത്തോടെ, ഇന്ത്യയിൽ ഒരു ദശകം പിന്നിടുന്ന ബിടി പരുത്തിയെക്കുറിച്ച് ചർച്ചകളുയരുമ്പോൾ ഈ വസ്തുതകൾ (ടൈംസ് അവരുടെ വാർത്തകളിൽ പറഞ്ഞ അവകാശവാദങ്ങൾ) ഇപ്പോൾ സജീവമായിക്കൊണ്ടിരിക്കുകയാണ്. 'ബിടി പരുത്തിയിലൂടെ സ്വർണ്ണക്കൊയ്ത്ത്' എന്ന പേരിൽ കഴിഞ്ഞ വർഷം പ്രത്യക്ഷപ്പെട്ട വാർത്ത സത്യത്തിൽ ഒരു 'ഉപഭോക്തൃ ബാന്ധവ സംരംഭമായിരുന്നു.' മറ്റൊരർത്ഥത്തിൽ 'പണം കൊടുത്ത് വരുത്തിയ പരസ്യം.' അടിക്കുറിപ്പുകളൊക്കെ പ്രൊഫഷണൽ റിപ്പോർട്ടർമാരുടേയും ടൈംസിന്റെ ഔദ്യോഗിക ഫോട്ടോഗ്രാഫർമാരുടേതുമായിരുന്നു.

ടൈംസ് പ്രസിദ്ധീകരിച്ച 2008 ലെ മുഴുപ്പേജ് പത്ര റിപ്പോർട്ടിനെയാണ് കമ്പനി ഉയർത്തിപ്പിടിക്കുന്നത്. 2008 ലെ മാധ്യമ സന്ദർശനം അവരുടെ പത്രാധിപ സമിതിയുടെ ആഭിമുഖ്യത്തിലായിരുന്നു. ''ഞങ്ങൾ കൃഷിയിടത്തേക്കും തിരിച്ചുമുള്ള ഗതാഗതം ശരിപ്പെടുത്തിക്കൊടുത്തെന്നുമാത്രം.'' മഹികോയുടെ ഒരുവക്താവ് കഴിഞ്ഞയാഴ്ച 'ഹിന്ദു'വിനോട് വെളിപ്പെടുത്തിയിരുന്നു. 2011 ലെ റിപ്പോർട്ട്, 2008 ലേതിന്റെ പുനപ്രസിദ്ധീകരണമാണ്. 2011 ലെ ഈ 'മാർക്കറ്റിങ്ങ് ഫീച്ചർ' എല്ലാ എഡിഷനുകളിലും ('സ്പെഷ്യൽ റിപ്പോർട്ടിൽ' ക്ലിക് ചെയതാൽ ഓൺലൈനിൽ കാണാം) പ്രത്യക്ഷപ്പെട്ടു, നാഗ്പൂർ എഡിഷനിലൊഴിച്ച്. മറിച്ചായിരുന്നെങ്കിൽ നാഗ്പൂർ വായനക്കാരെ ആ വാർത്ത അദ്ഭുതപ്പെടുത്തുമായിരുന്നു.

അങ്ങനെ ഒരേ മുഴുപ്പേജ് പരസ്യം മൂന്നുവർഷത്തിനിടയിൽ രണ്ടുതവണ പ്രസിദ്ധീകരിക്കപ്പെട്ടു. ആദ്യം വാർത്തയായും പിന്നെ പരസ്യമായും. ആ

ദ്യത്തെ തവണ അതു ചെയ്തത് സ്റ്റാഫ് റിപ്പോർട്ടറും പത്രത്തിന്റെ ഫോട്ടോഗ്രാഫറുമായിരുന്നെങ്കിൽ രണ്ടാം തവണ പരസ്യവിഭാഗം വികസിപ്പിച്ചെടുത്തതായിരുന്നു. ആദ്യതവണ മഹിക്കോ – മൊൺസാന്റോയുടെ ആഭിമുഖ്യത്തിലുള്ള വാർത്താവലോകനം. രണ്ടാമത് അതേ കമ്പനി പ്രയോജകരായ പരസ്യമായും. ആദ്യം ദുരന്തവും പിന്നെ ഒരു പ്രഹസനവും.

കമ്പനി വക്താവ് ഇക്കാര്യത്തിൽ ഏറെ സുതാര്യതയാണവകാശപ്പെടുന്നത്. പ്രസിദ്ധീകരിക്കുമ്പോൾ അതിന്റെ ഉറവിടവും തീയതിയും താഴെ പറയുന്ന പോലെയാകണമെന്ന് ഞങ്ങൾ നിർബന്ധിച്ചിരുന്നു: ടൈംസ് ഓഫ് ഇന്ത്യ, നാഗ്പൂർഡ എഡിഷനിൽ 2008 ഒക്ടോബർ 31 ലെ ഒരു വാർത്തയുടെ പുനഃപ്രസിദ്ധീകരണമാണ് ഇത്. പക്ഷേ ഹിന്ദുവിന്റെ ചോദ്യങ്ങൾക്കുള്ള ഇമെയിൽ മറുപടിയിൽ ഈ വക്താവ് പരസ്യത്തിന്റെ സമയഗണനയെക്കുറിച്ച് നിശ്ശബ്ദനാണ്. BRAI പരിഗണനയ്ക്ക് വന്നേക്കാവുന്ന പാർലമെന്റ് സമ്മേളനം നടക്കുന്ന അതേ സമയത്തു തന്നെ ഇത്തരം പരസ്യങ്ങൾ എന്തുകൊണ്ട് ഉൾപ്പെടുത്തി എന്ന് ഹിന്ദു ചോദ്യമുന്നയിച്ചിരുന്നെങ്കിലും ഫലമുണ്ടായില്ല.

പക്ഷേ അതവിടെ നിന്നില്ല. ബിടി അത്ഭുതത്തെക്കുറിച്ച് ടൈംസിലെ വാർത്തയോടൊപ്പം വന്ന ചില ഉജ്വല ചിത്രങ്ങൾ, ഭാംബ്രാജയിലോ അന്തർഗാവോണിലോ നിന്ന് എടുത്തതല്ലെന്ന് ഗ്രാമീണർ ആരോപിക്കുന്നു. “ചിത്രങ്ങളിൽ കാണുന്ന ആളുകൾ ഇവിടെയുള്ളവരാണെങ്കിലും അതിവിടെവച്ച് എടുത്തിട്ടുള്ളതല്ല” ബബൻറാവു ഗാവാണ്ടെ എന്ന ഗ്രാമീണർ പറയുന്നു.

## അദ്ഭുതം, അത്യത്ഭുതം

ടൈംസിൽ വന്ന വാർത്തയിൽ നായക കഥാപാത്രമാണ്, നന്ദു റാവത്ത് എന്ന അഭ്യസ്തവിദ്യനായ കർഷകൻ. ഒരു എൽഐ.സി ഏജന്റുകൂടിയാണദ്ദേഹം. ബിടി അത്ഭുതത്തോടെ അദ്ദേഹത്തിന്റെ വരവ് കുതിച്ചുയർന്നു. “കഴിഞ്ഞ വർഷം ഏതാണ്ട് രണ്ടുലക്ഷം രൂപ ഞാനുണ്ടാക്കി.”കഴിഞ്ഞ സെപ്തംബർ മാസത്തിൽ നന്ദു റാവത്ത് എന്നോട് പറഞ്ഞു. “ഞാൻ വിറ്റ എൽ.ഐ.സി പോളിസികളിൽ നിന്നാണ് അതിൽ 1.6 ലക്ഷവും ലഭിച്ചത്.” ചുരുക്കത്തിൽ കൃഷിയിൽനിന്നുണ്ടായതിനേക്കാൾ നാലിരട്ടി അയാൾ എൽ.ഐ.സിയിൽ നിന്നു നേടി എന്നർത്ഥം. അയാൾക്ക് ഏഴര ഏക്കർ സ്ഥലവും നാലംഗകുടുംബവുമുണ്ട്.

ടൈംസ് വാർത്താപ്രകാരം അയാൾക്കുള്ള വരവ് ‘കീടനാശിനികളിലെ ലാഭം കാരണം’ഏക്കറൊന്നിന് ഇരുപതിനായിരും രൂപ വീതം അധികമാണെന്നാണ്. അയാൾ നാലേക്കറിൽ പരുത്തികൃഷി ചെയ്യുന്നതുകൊണ്ട് ‘കീടനാശിനി മൂലമുണ്ടായ ലാഭം’ ആകെ എൺപതിനായിരം രൂപയാണ്. അതിഗംഭീരം തന്നെ. ഭാംബ്രാജയിലെ പലരും കോപാകുലരായി പറയുന്നു. ഒരേക്കറിൽനിന്നും ഇരുപതിനായിരം രൂപ വരുമാനമുണ്ടാക്കുന്ന ഒരാളെയെങ്കിലും ഞങ്ങൾക്ക് കാട്ടിതരൂ. നന്ദു റാവത്ത് കൂടി ഒപ്പിട്ട ഒരു ഗ്രാമാന്തര സർവ്വെ കണക്ക് (ഹിന്ദുവിന്റെ പക്കലുണ്ട്) പ്രകാരം അയാൾക്ക് വളരെ വ്യത്യസ്തമായ വരുമാനമാണുള്ളത്.

കേന്ദ്രകൃഷി മന്ത്രിയുടെ പാർലമെന്റ് പ്രസംഗം കണക്കിലെടുക്കുകയാണെങ്കിൽ ഹെക്ടറൊന്നിന് ശരാശരി 1.2 ക്വിന്റലാണ് (പരുത്തിനാര്) വിദർഭയിലെ ഉത്പാദനം. 2011 ഡിസംബർ 19ലെ ഈ വാചകകസർത്ത് അല്പം കടന്ന കൈയായി. അത്രയും കുറഞ്ഞ ഉല്പാദനമാണത്. അത് ഇരട്ടിയാക്കിയാൽത്തന്നെയും കുറവുതന്നെ. കർഷകൻ വിളവ് അതേ രൂപത്തിൽ ത്തന്നെ വിൽക്കുകയാണ് പതിവ്. നൂറ് കിലോ വിളവിൽ 35 കിലോ നൂലും 65 കിലോ വിത്തുമായിരിക്കും. മന്ത്രി ശരദ് പവാറിന്റെ കണക്കുപ്രകാരം ഒരു ഹെക്ടറിന് 3.5 ക്വിന്റൽ അസംസ്കൃത പരുത്തി ഉത്പാദിപ്പിക്കുന്നുണ്ട്. അഥവാ, കേവലം 1.4 ക്വിന്റൽ ഏക്കറൊന്നിന്. ഒരു ക്വിന്റലിന് 4200 രൂപയെന്ന മികച്ച വിലയും കർഷകർക്ക് കിട്ടുന്നുണ്ടെന്ന് മന്ത്രി വിഭാവനം ചെയ്യുന്നു. ഇത് ഏകദേശം ഉദ്പാദനച്ചെലവിനടുത്തുതന്നെ എത്തുന്നുണ്ട്. അതുതന്നെയാണ് ഗൗരവമാർന്ന പ്രശ്നങ്ങൾക്ക് കാരണമെന്ന് എനിക്കു തോന്നുന്നു. ഇനി പവാറിന്റെ കണക്കുകൾ ശരിയാണെങ്കിൽത്തന്നെ നന്ദു റാവത്തിന്റെ മൊത്തം വരുമാനം ഏക്കറിന് 5900 രൂപയിൽ കൂടാൻ വഴിയില്ല. ചെലവുകളെല്ലാം കുറച്ചാൽ – അതിൽത്തന്നെ ഒന്നരപ്പാക്കറ്റ് വിത്തിന് 1400 രൂപയോളമാകും. പിന്നെ കാര്യമായി ഒന്നും ശേഷിക്കുന്നില്ല. എന്നിട്ടും അദ്ദേഹം ഏക്കറിന് ഇരുപതിനായിരം രൂപയിൽപ്പരം അധിക വരുമാനമുണ്ടാക്കുന്നെന്ന് ടൈംസ് പറയുന്നു.

ഇത്തരം അസാധാരണമായ അവകാശവാദങ്ങളെ ന്യായീകരിക്കുന്നുണ്ടോ എന്ന ചോദ്യത്തിന് മഹികോ–മൊൺസാന്റോ വക്താവ് പറഞ്ഞത്, വാർത്തയിൽ പ്രസിദ്ധീകരിച്ച, ഞങ്ങളുടെ ഇന്ത്യൻ സഹപ്രവർത്തകർ പറഞ്ഞതിനോടൊപ്പം ഞങ്ങൾ നില്ക്കുന്നു എന്നാണ്. വിരോധാഭാസമെന്നു പറയട്ടെ, ആ മുഴുപ്പേജ് വാർത്ത എന്ന പരസ്യത്തിൽ ഒറ്റയിടത്തുപോലും ഏക്കറൊന്നിന് ഇരുപതിനായിരത്തിലധികം കൂടുതൽ വരുമാനമുണ്ടാകുമെന്ന് പറയുന്നതേയില്ല. ബിടി പൊതുവേ ഉല്പാദിപ്പിക്കുന്ന പരുത്തി കർഷകർക്കായുള്ള അധികവരുമാനം എന്നു മാത്രമേ പറയുന്നുള്ളൂ. ഒരേക്കറിലെ വിളവിനെക്കുറിച്ച് എവിടെയും പറയുന്നില്ല. രണ്ടു വില്ലേജുകളിലെയും ആത്മഹത്യാരാഹിത്യത്തെക്കുറിച്ചും ഒന്നും പറയുന്നില്ല. അങ്ങനെ ടൈംസിന്റെ പ്രത്യക്ഷ പിന്താങ്ങലുകളെ കമ്പനി സൗകര്യപൂർവ്വം ഒഴിവാക്കിയിരിക്കുന്നു. എന്നാൽ മാർക്കറ്റിങ്ങ് ഫീച്ചറിൽ അവമാത്രം പ്രധാന രേഖകളാക്കി, കൃത്യമായി ഉപയോഗിച്ചിരിക്കുന്നു.

പുനഃപ്രസിദ്ധീകൃതമായ വാർത്തയെന്ന പരസ്യത്തിൽ നന്ദു റാവത്തിന്റെ ഒരേക്കറിലെ 20 ക്വിന്റൽ വിളവിന്റെ വിജയകഥ പ്രതിപാദിക്കുന്നുണ്ട്. കൃഷിമന്ത്രിയുടെ ഒരേക്കറിന് 1.4 ക്വിന്റൽ എന്ന ശരാശരിയേക്കാളും പതിനാലിരട്ടി അധികമാണിത്. വിദർഭയിലെ മഴയെ ആശ്രയിച്ചുള്ള ജലസേചനം കുറഞ്ഞ വിളവിലേക്ക് വഴിവക്കുന്നു എന്നായിരുന്നു മന്ത്രിയുടെ വിചാരം. പരുത്തിക്ക് നല്ല ജലസേചനം ആവശ്യമാണല്ലോ. കൃഷിമന്ത്രിയുടെ സ്വന്തം പാർട്ടിയായ എൻ.സിപിയും കോൺഗ്രസ്സും സഖ്യപ്പെട്ടു ഭരിക്കുന്ന മഹാരാഷ്ട്രയിലെല്ലാം ബിടി പരുത്തി പ്രോത്സാഹിപ്പിക്കുന്നതിനെപ്പറ്റി അദ്ദേഹം വളരെ നിശ്ശബ്ദനാണ്.

സ്റ്റാന്റിങ്ങ് കമ്മിറ്റി എം. പിമാർ ഗ്രാമത്തിൽ നിന്നു പോയ ശേഷം, മാർച്ചിൽ നന്ദുവിനെ വീണ്ടും ഞങ്ങൾ കണ്ടു. നിങ്ങളിപ്പോൾ ചോദിക്കുകയാണെങ്കിൽ വെള്ളമില്ലാത്ത ഇത്തരമിടങ്ങളിൽ ബിടി ഉപയോഗിക്കരുതെന്നു ഞാൻ പറയും, കാര്യങ്ങൾ വളരെ

ശോചനീയമാണ്. അയാൾ പറഞ്ഞു. എംപി മാരുമൊത്തുള്ള യോഗത്തിൽ എത്താൻ വൈകിപ്പോയെന്ന കാരണം പറഞ്ഞ് അയാളെ ഒരക്ഷരം സംസാരിക്കാൻ അനുവദിച്ചില്ല.

ഞങ്ങൾ പണമിടപാടുകാരനെ ഒഴിവാക്കി കഴിഞ്ഞു. ഒരാൾക്കും ഇനി അയാളെ വേണ്ട. മങ്കൂ ചവാൻ എന്ന കർഷകൻ പറയുന്നതായി ടൈംസിൽ വന്ന വാർത്താപരസ്യത്തിൽ പറയുന്നു. അത് അന്തർഗാവോൺ എന്ന മറ്റൊരു വില്ലാജിലാണത്രെ. ബിടി പരുത്തികൊണ്ട് അഭിവൃദ്ധിപ്പെട്ടെന്ന് പത്രം അവകാശപ്പെടുന്ന മറ്റൊരു ഗ്രാമം. ഭാംബ്രാജയിലെ 365 കർഷകവീടുകളിലും അന്തർഗാവോണിലെ 150 വീടുകളിലും വിദർഭ ജനആന്തോളൻ സമിതി നടത്തിയ മറ്റൊരു പഠനം പറയുന്നത് വ്യത്യസ്ഥമായ കഥയാണ്. മിക്കവാറും കൃഷിക്കാർ ബാങ്ക് കടത്തിന്റെ നിർണ്ണായക പരിധിയിലാണ്. അറുപത് ശതമാനം പേർ സ്വകാര്യ പണമിടപാടുകാരോട് കടത്തിലുമാണ്. സമിതിയുടെ തലവൻ കിഷോർ തിവാരി പറയുന്നു.

സർക്കാരിന് നിയന്ത്രണമുള്ള മറ്റൊരു ഗ്രാമത്തിലേക്ക് വഴിമാറ്റികൊണ്ട് ഭാംബ്രാജയിൽനിന്നും എം. പി മാരെ ഒഴിവാക്കാൻ മഹാരാഷ്ട്ര സർക്കാർ ഏറെ ശ്രമിച്ചു. എന്നായാലും കമ്മിറ്റി ചെയർമാൻ ബാസുദേവ് ആചാര്യയും സഹപ്രവർത്തകരും ഉറച്ചുനിന്നു. എംപിമാരുടെ സന്ദർശനം നല്കിയ പ്രോത്സാഹനത്തിൽ ഗ്രാമീണർ അവരുടെ ഹൃദയവും മനസ്സും തുറന്നുസംസാരിച്ചു. ദേശീയ ക്രൈം റെക്കോർഡു ബ്യൂറോ കണക്കുപ്രകാരം 1995നും 2010നും ഇടയിലുണ്ടായിട്ടുള്ള 50,000ലധികം കർഷക ആത്മഹത്യകൾ മഹാരാഷ്ട്രയുടെ സർവ്വകാല റെക്കോർഡാണ്. വിദർഭയാകട്ടെ സംസ്ഥാനത്തിന്റെ ഈ പദവിയിൽ ഏറെ സഹായിച്ച സ്ഥലവുമാണ്.

ബിടി പരുത്തി കൃഷിയുടെ പരിണിത ഫലമാണ് കർഷക ആത്മഹത്യകളെന്ന് ഒരു കർഷകനും പറഞ്ഞിട്ടില്ല. പക്ഷെ ബിടി കോട്ടന്റെ ഉത്പാദനച്ചെലവിനെയും മിച്ചമൂല്യത്തെയും സംബന്ധിച്ച പല സങ്കൽപ്പകഥകളും അദ്ഭുതങ്ങളും അവർ തിരുത്തി. അവരുടെ ചില അഭിപ്രായങ്ങൾ എംപിമാർക്ക് വാർത്തകളായിരുന്നു. പണം കൊടുത്ത വാർത്തയോ മാർക്കറ്റിങ്ങ് ഫീച്ചറോ പോലെയായിരുന്നില്ല എന്നു മാത്രം.

*(കടപ്പാട്: ദി ഹിന്ദു)*

**ബംഗാളി നാടകപ്രവർത്തകനായ**
**പർണാബ് മുഖർജി അനുസ്മരണ പ്രഭാഷണം നടത്തും**

# ബിജു എസ്. ബാലൻ അനുസ്മരണ കേരളീയം പരിസ്ഥിതി മാധ്യമ ഫെലോഷിപ്പ്

കേരളീയം 2009 മുതൽ നൽകുന്ന ബിജു. എസ്. ബാലൻ അനുസ്മരണ പരിസ്ഥിതി മാധ്യമ ഫെല്ലോഷിപ്പിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. മാധ്യമപ്രവർത്തകർക്കും മാധ്യമപ്രവർത്തനത്തിൽ താത്പര്യമുള്ള 35 വയസ്സിൽ താഴെ പ്രായമുള്ള യുവതീ/യുവാക്കൾക്കും അപേക്ഷിക്കാം. താത്പര്യമുള്ളവർ ഈ വർഷം ഫെല്ലോഷിപ്പിനായി നിശ്ചയിച്ച **കേരളത്തിലെ വനങ്ങൾ നേരിടുന്ന ഭീഷണികൾ** എന്ന വിഷയത്തെ ആസ്പദമാക്കി നിങ്ങൾക്ക് ചെയ്യാൻ കഴിയുന്ന റിപ്പോർട്ടിന്റെ രൂപരേഖയും പ്രവർത്തന പദ്ധതിയും അയച്ചുതരിക. ഒപ്പം നിങ്ങൾക്ക് പരിചിതമായ ഏതെങ്കിലും ഒരു പരിസ്ഥിതി പ്രശ്നത്തെ/വിഷയത്തെക്കുറിച്ച് തയ്യാറാക്കിയ റിപ്പോർട്ടും (10 പേജിൽ കുറയാതെ) ബയോഡാറ്റ സഹിതം താഴെപ്പറയുന്ന വിലാസത്തിൽ **2012 ജൂൺ 5ന്** ഉള്ളിൽ ലഭിക്കുന്ന രീതിയിൽ അയയ്ക്കുക. ഈ റിപ്പോർട്ടിന്റെയും കൂടിക്കാഴ്ചയുടെയും അടിസ്ഥാനത്തിൽ പരിസ്ഥിതി-മാധ്യമ വിദഗ്ധർ അടങ്ങുന്ന ജൂറി തിരഞ്ഞെടുക്കുന്ന ഒരാൾക്ക് ബിജുവിന്റെ ചരമദിനമായ ജൂൺ 28ന് തൃശൂരിൽ വച്ച് 10,002 രൂപയുടെ ഫെല്ലോഷിപ്പ് നൽകും. ബംഗാളി നാടകപ്രവർത്തകനും ആക്ടിവിസ്റ്റുമായ പർണാബ് മുഖർജി ഫെല്ലോഷിപ്പ് കൈമാറുകയും **'വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ സ്വാതന്ത്ര്യ സമരങ്ങളും ഭരണകൂട ഭീകരതയും'** എന്ന വിഷയത്തിൽ ബിജു. എസ്. ബാലൻ അനുസ്മരണ പ്രഭാഷണം നടത്തുകയും ചെയ്യും.

കേരളീയത്തിന്റെ പ്രഥമ ബിജു എസ്. ബാലൻ അനുസ്മരണ പരിസ്ഥിതി മാധ്യമ ഫെല്ലോഷിപ്പ് വിപി റജീനയ്ക്കാണ് 2009 ൽ ലഭിച്ചത്. കേരളത്തിലെ ആശുപത്രി മാലിന്യങ്ങൾ സൃഷ്ടിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചുള്ള പഠനത്തിനാണ് മാധ്യമം ദിനപത്രത്തിന്റെ കോഴിക്കോട് യൂണിറ്റിൽ സബ് എഡിറ്ററായ റജീനയ്ക്ക് ഫെല്ലോഷിപ്പ് ലഭിച്ചത്. 2009 ജൂൺ 28ന് തൃശ്ശൂർ ജവഹർ ബാലഭവനിൽ വച്ച് നടന്ന ചടങ്ങിൽ ഏഷ്യാനെറ്റ് മുൻ ഡയറക്ടറും ചെന്നൈയിലെ മീഡിയ റിസർച്ച് ഫൗണ്ടേഷന്റെ ഡയറക്ടറുമായ ശശികുമാർ റജീനയ്ക്ക് ഫെല്ലോഷിപ്പ് നൽകി.

2010 ലെ ഫെല്ലോഷിപ്പിന് കെ. സന്ദീപ് അർഹനായി. വികസനത്തിന്റെ മറവിൽ നടക്കുന്ന കണ്ടൽകാടുകളുടെ നശീകരണത്തെക്കുറിച്ചുള്ള പഠനത്തിനാണ് ജനയുഗം പത്രത്തിലെ സബ്എഡിറ്ററായ കെ. സന്ദീപിന് ഫെല്ലോഷിപ്പ് നൽകിയത്. 2010 ജൂൺ 28ന് തൃശ്ശൂർ ജവഹർ ബാലഭവനിൽ വച്ച് നടന്ന ചടങ്ങിൽ പ്രശസ്ത ഡോക്യുമെന്ററി സംവിധായകൻ ജോഷി ജോസഫ് സന്ദീപിന് ഫെലോഷിപ്പ് തുക കൈമാറി.

2011 ലെ ഫെല്ലോഷിപ്പ് കെപി. റഷീദിനാണ് ലഭിച്ചത്. കുടിയൊഴിപ്പിക്കലിന്റെ രാഷ്ട്രീയം: പരിസ്ഥിതിക്കും മനുഷ്യർക്കും വേണ്ടി ഒരന്വേഷണം എന്ന വിഷയത്തെക്കുറിച്ചുള്ള പഠന റിപ്പോർട്ടിനാണ് മാധ്യമം ദിനപത്രത്തിന്റെ തൃശൂർ യൂണിറ്റിൽ സബ് എഡിറ്ററായ റഷീദിന് ഫെല്ലേഷിപ്പ് ലഭിച്ചത്. ജൂൺ 28ന് തൃശൂർ സാഹിത്യ അക്കാദമി വൈലോപ്പിള്ളി ഹാളിൽ വച്ച് നടന്ന ചടങ്ങിൽ പ്രശസ്ത പരിസ്ഥിതി സംരക്ഷണ പ്രവർത്തകൻ പാണ്ഡുരംഗ ഹെഗ്ഡെ ഫെല്ലോഷിപ്പ് തുക റഷീദിന് കൈമാറി.